# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1013 07/02/2013 ൽ മറുപടിയ്ക്ക്

## എസ്.സി, ഒ.ഇ.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ് | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) എസ്.സി, ഒ.ഇ.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രോത്സാഹന പദ്ധതികളാണ് നിലവിൽ എസ്.സി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (എ) 1) <u>അയ്യൻകാളി ടാലന്റ് സ്കോളർഷിപ്പ് പദ്ധതി</u> :<br>സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അയ്യൻകാളി ടാലന്റ് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ വാർഷിക പരീക്ഷയുടെ മാർക്ക് ഗ്രേഡിലൂടെ കണക്കാക്കി തെരഞ്ഞെടുക്കുന്നു. പുസ്തകം, നോട്ട്ബുക്ക്, 3 ജോഡി യൂണിഫോം, ബാഗ്, കുട, ഷൂസ് എന്നിവയ്ക്കായി 750/- രൂപയും പ്രതിമാസ സ്റ്റൈപ്പന്റായി 150/- രൂപ ക്രമത്തിലും സ്പെഷ്യൽ ട്യൂഷൻ ഇനത്തിൽ കണക്ക്, സയൻസ്, ഇംഗ്ലീഷ് വിഷയങ്ങൾക്ക് ഓരോ വിഷയത്തിനും 75/- രൂപ വീതവും നൽകി വരുന്നു. ഓരോ വർഷവും |

നാലാം തരത്തിലും ഏഴാം തരത്തിലും 800 കുട്ടികൾക്കു വീതമാണ് സ്കോളർഷിപ്പ് നൽകുന്നത്.

2) <u>പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി:</u>

എസ്.എസ്.എൽ.സി, +2, ഹയർസെക്കന്ററി, ഡിഗ്രി, പി.ജി പ്രൊഫഷണൽ കോഴ്സുകൾ മുതലായ കോഴ്സുകളുടെ പൊതു പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്സ് ഡിസ്റ്റിംഗ്ഷൻ വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നുണ്ട്.

3) <u>വിഷൻ 2013:</u>

ഈ പദ്ധതി പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിൽ കുറയാത്ത ഗ്രേഡ് നേടിയ സയൻസ് ഗ്രൂപ്പ് എടുത്ത് പ്ലസ് ടു വിന് പഠിക്കുന്നവർക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് പഠിക്കുന്നതിന് ട്യൂഷൻ ഫീസ് അനുവദിച്ചു നൽകുന്നുണ്ട്. കോച്ചിംഗിന് 2 വർഷത്തേയ്ക്ക് ഒരു കുട്ടിയ്ക്ക് 20,000/- രൂപ നിരക്കിൽ നൽകി വരുന്നുണ്ട്.

4) <u>ബുക്ക് ബാങ്ക് സ്കീം:</u>

മെഡിക്കൽ, ആയുർവേദം, ഹോമിയോപ്പതി, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ, വെറ്റിനറി, പോളിടെക്നിക്ക്, ബിസിനസ്സ് മാനേജ്മെന്റ് മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് റഫറൽ പുസ്തകങ്ങളും അത് സൂക്ഷിക്കാൻ ആവശ്യമായ അലമാര വാങ്ങാനും തുക നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | 5) <u>വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്</u><br>ഈ പദ്ധതിപ്രകാരം വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. 110/- രൂപ വീതം സ്റ്റൈപ്പന്റ് ഇനത്തിലും അഡ്ഹോക്ക് ഗ്രാന്റായി 750/- രൂപയും നൽകി വരുന്നുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് സ്റ്റഡീസ് അപ്ഗ്രേഡേഷൻ ഓഫ് മെറിറ്റ് തുടങ്ങിയ കേന്ദ്ര സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ NTTF/NIIT/CyberSri/CREST എന്നീ സ്ഥാപനങ്ങൾക്കും പട്ടിക ജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്ട് വച്ച് അംഗീകാരം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിക്കുന്ന എസ്.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (ബി) | വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചു വരുന്ന അയ്യൻകാളി സ്പോർട്സ് സ്കൂളിൽ ദേശീയ ലെവലിൽ സ്വർണ്ണ മെഡൽ വാങ്ങുന്ന കുട്ടികൾക്ക് 5,000/- രൂപ വീതവും വെള്ളി മെഡൽ വാങ്ങുന്ന കുട്ടികൾക്ക് 3,000/- രൂപ വീതവും, വെങ്കല മെഡൽ വാങ്ങുന്ന കുട്ടികൾക്ക് 2,000/- രൂപ വീതവും സ്റ്റേറ്റ് ലെവലിൽ സ്വർണ്ണ മെഡൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 3,000/- രൂപ വീതവും വെള്ളി മെഡൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 2,000/- രൂപ വീതവും, വെങ്കല മെഡൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 1,000/- രൂപ വീതവും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ പാഠ്യ-പാഠ്യേതര മേഖലകളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) | സംസ്ഥാനത്ത് എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ജില്ലാ കലാ മത്സരങ്ങളിൽ എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 5,000/- രൂപയും സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടുന്നവർക്ക് 10,000/- രൂപയും അനുവദിക്കുന്നിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി പുരോഗമിച്ച് വരുന്നു.<br><br>ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീസ് സൗജന്യം, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ മാത്രമേ നിലവിൽ എസ്.സി. വകുപ്പിൽ നിന്നും നൽകിവരുന്നുള്ളൂ. |

(signature)

സെക്ഷൻ ഓഫീസർ